# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 142

21.03.2012 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി തെരഞ്ഞെടുപ്പ്

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകിയിരിക്കുന്നത് ഏതൊക്കെ മേഖലകളിലെ സംഘങ്ങൾക്കാണ്; ഏത് തീയതി വരെ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കാണ്;

(എ) കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ഓർഡിനൻസ് നം. 18/2012 ലെ വ്യവസ്ഥകൾ പ്രകാരം ജില്ലയിലെ എല്ലാതരത്തിലുംപെട്ട പ്രാഥമിക സഹകരണ സംഘങ്ങൾക്കും, ജില്ലാ ആസ്ഥാനമായുള്ള ഫെഡറൽ, സെൻട്രൽ സഹകരണ സംഘങ്ങൾക്കും അംഗമായി തുടരാവുന്നതും സഹകരണ നിയമം/ചട്ടം/ബാങ്ക് നിയമാവലി എന്നിവയ്ക്ക് അനുസൃതമായി യോഗ്യത ഉള്ള പക്ഷം എല്ലാ അംഗസംഘങ്ങൾക്കും ബാങ്കിന്റെ ഭരണ സമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

18/2012 നമ്പർ ഓർഡിനൻസ് പുറപ്പെടുവിക്കുന്ന വേളയിൽ വോട്ടവകാശമുണ്ടായിരുന്ന എല്ലാ സംഘങ്ങൾക്കും നിലവിൽ വോട്ടവകാശം ഉണ്ടായിരിക്കും. എന്നാൽ നാമമാത്ര അംഗങ്ങളായിരിക്കുകയും, ഓർഡിനൻസിന്റെ ഫലമായി ബാങ്കിന്റെ വോട്ടവകാശമുള്ള അംഗങ്ങളായി മാറുകയും 11.12.2007 ൽ അംഗങ്ങളായിരിക്കുകയും ചെയ്തിരുന്ന എല്ലാ സംഘങ്ങൾക്കും ബൈലാ/സഹകരണ നിയമം/ചട്ടം എന്നിവ പ്രകാരം യോഗ്യത ഉണ്ടെങ്കിൽ വോട്ടവകാശം ലഭിക്കുകയും ചെയ്യും.

| | |
|---|---|
| | 11.12.2007 ന് ശേഷം ബാങ്ക് അഫിലിയേറ്റ് ചെയ്ത നോമിനൽ അംഗങ്ങളുടെ അഫിലിയേഷൻ, ഓർഡിനൻസ് നിലവിൽ വന്ന 11.02.2012 ൽ അവസാനിച്ചിട്ടുള്ളതിനാൽ അവർ പുതുതായി അഫിലിയേഷൻ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (ബി) ഇവയിൽ സ്വന്തമായി അപ്പക്സ് സ്ഥാപനങ്ങളുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) ഹൗസിംഗ്, നെയ്ത്ത്, കയർ, കൺസ്യൂമർ, ജനറൽ മാർക്കറ്റിംഗ്, റബ്ബർമാർക്കറ്റിംഗ്, ക്ഷീരം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, ഫിഷറീസ്, വനിത, ആശുപത്രി സംഘങ്ങൾ എന്നീ മേഖലയിൽപ്പെട്ട സഹകരണ സംഘങ്ങൾക്ക് അപ്പക്സ് സഹകരണ ഫെഡറേഷനുകൾ നിലവിലുണ്ട്. |
| (സി) ജില്ലാ ബാങ്കുകളിൽ നിന്നും വായ്പയെടുക്കാത്ത സംഘങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, വിപണന സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ക്ഷീര സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ, വനിതാ സംഘങ്ങൾ, ഹൗസിംഗ് സംഘങ്ങൾ, സ്കൂൾ & കോളേജ് സംഘങ്ങൾ, ഹോസ്പിറ്റൽ സംഘങ്ങൾ, സെറികൾച്ചർ സംഘങ്ങൾ തുടങ്ങിയവയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കാത്തതോ, പരിമിതമായി മാത്രം വായ്പാ ഇടപാടുകൾ നടത്തുകയോ ചെയ്യുന്ന സംഘങ്ങൾ. |
| (ഡി) ജില്ലാ ബാങ്കുകളിലെ ഭരണ സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും മാത്രം വോട്ടവകാശം നൽകിയാൽ മതിയെന്ന സർക്കാർ തീരുമാനത്തെ ശരി വയ്ക്കുന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ വിധി ഇപ്പോൾ മറികടക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (ഇ) | ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വം സംബന്ധിച്ച് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് ഹൈക്കോടതിയുടെ വിധി ന്യായത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.<br>കേരളത്തിലെ വായ്പാ വായ്പേതര സഹകരണ സംഘങ്ങൾക്ക് വിവേചനം കൂടാതെ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ പ്രാതിനിധ്യം നൽകി സഹകരണ മേഖലയുടെ ജനാധിപത്യ അടിത്തറ ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യേണ്ടത് അനിവാര്യമായ കടമ ആയതിനാലാണ് സർക്കാർ' നിയമ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഇത് മൂലം സഹകരണ സംഘങ്ങൾക്ക് തുല്യ നീതിയും അവസര സമത്വവും ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ